ഉത്തരം

(എ) ഏഷ്യയിലെ ഏറ്റവും വലിയ തുറമുഖങ്ങളിൽ ഒന്നായി മാറും.

(ബി) പദ്ധതി പൂർത്തിയായാൽ വിഴിഞ്ഞം തുറമുഖത്തിന് താഴെ പറയുന്ന സൗകര്യങ്ങൾ ഉണ്ടാകുന്നതാണ്:

| | | |
|---|---|---|
| (i) | ബ്രേക്ക് വാട്ടറുകൾ | - 5027 മീറ്റർ |
| (ii) | മദർ ഷിപ്പുകൾക്കുള്ള ബർത്ത് | - 4 എണ്ണം |
| (iii) | ഫീഡർ വെസ്സലുകൾക്കുള്ള ബർത്ത് | - 6 എണ്ണം |
| (iv) | ജനറൽ കാർഗോ ബർത്ത് | - 2 എണ്ണം |
| (v) | പനാമക്സ് ആന്റ് പോസ്റ്റ് പനാമക്സ് ക്രെയിനുകൾ | - 34 എണ്ണം |
| (vi) | പോർട്ട് സൗകര്യങ്ങൾ ഒരുക്കുന്നതിനായി കടൽ നികത്തിയെടുക്കുന്ന ഭൂമി | - 400 ഏക്കർ |

(സി) ഉണ്ട്.

(ഡി) ആഭ്യന്തര സാമ്പത്തിക നേട്ടത്തിന്റെ തോത് (ഇക്കണോമിക്ക് ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ) 51% വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

വിഴിഞ്ഞം തുറമുഖ വികസന പദ്ധതി

121 [578] ശ്രീ. പിരപ്പൻകോട് മുരളി :
,, പി. സി. ജോർജ് :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസന പദ്ധതിക്ക് അന്തിമരൂപം ആയിട്ടുണ്ടോ ; ഇതിനുവേണ്ടി ഏതെല്ലാം കാലത്ത് ഏതെല്ലാം നിലയിലുള്ള വികസന പദ്ധതികൾക്കായിരുന്നു രൂപരേഖ തയ്യാറാക്കപ്പെട്ടതെന്ന് വിശദമാക്കാമോ ;

(ബി) സർക്കാർ ഏതെല്ലാം തീയതികളിൽ ഏതെല്ലാം പത്രത്തിലോ കരാറിലോ ഏർപ്പെടുകയുണ്ടായി, വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഏതെങ്കിലും കരാർ സർക്കാർ റദ്ദാക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; കരാർ റദ്ദാക്കുവാൻ ഇടയായ സാഹചര്യം വിശദമാക്കാമോ ;

(ഡി) പദ്ധതിയുടെ രൂപരേഖ ഏതെല്ലാം ഘട്ടങ്ങളിൽ പുതുക്കുകയുണ്ടായി ; വീണ്ടും പുതുക്കുവാനിടയായ സാഹചര്യം എന്തായിരുന്നു ;

(ഇ) നിലവിലുള്ള പദ്ധതിക്ക് വേണ്ടി കൺസൾട്ടൻസിയേയും ഉപദേഷ്ടാവിനെയും നിയോഗിക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; കൺസൾട്ടൻസിയെ കണ്ടെത്തുന്നതിന് വിളിച്ച ടെണ്ടറിൽ ആരൊക്കെ പങ്കെടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പദ്ധതി ബി.ഒ.ടി. വ്യവസ്ഥയിൽ നടപ്പിലാക്കുവാൻ വീണ്ടും തീരുമാനിച്ചത് എന്നായിരുന്നു ; ബി.ഒ.ടി. വ്യവസ്ഥകൾ തയ്യാറാക്കിയത് ആരാണ് ; സർക്കാർ അംഗീകരിച്ചത് എപ്പോൾ ;

(ജി) പദ്ധതിക്കുവേണ്ടി വിളിച്ച ടെന്ററിൽ ടെന്റർ രേഖകൾ കൈപ്പറ്റിയ കമ്പനികൾ എത്ര ; ടെന്റർ വ്യവസ്ഥകളിൽ ഇളവ് വരുത്തുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; അതിനുശേഷം എത്ര പേർ ടെന്റർ രേഖകൾ വാങ്ങുകയുണ്ടായി ; ഏറ്റവുമൊടുവിൽ ഏതെല്ലാം കൺസോർട്ടുകൾ ടെന്ററിൽ പങ്കെടുത്തു ;

(എച്ച്) മന്ത്രിസഭായോഗം അംഗീകരിക്കുന്നതിനു മുമ്പായി ടെന്റർ ഡോക്കുമെന്റുകൾ ഏതെല്ലാം വിദഗ്ധർ പരിശോധിക്കുകയുണ്ടായി. ഇപ്പോഴത്തെ കൺസോർഷ്യത്തിന്റെ സാമ്പത്തിക-സാങ്കേതിക ശേഷിയെപ്പറ്റി വിശദമാക്കാമോ ; സർക്കാർ റദ്ദ് ചെയ്ത കരാർ തുകയും ഇപ്പോൾ അംഗീകരിച്ച കരാർ തുകയും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(i) 11-10-1995-ൽ ഹൈദരാബാദിലെ കുമാർ ഗ്രൂപ്പ് എന്ന സ്ഥാപനവുമായി MOU ഒപ്പിട്ടു. 15-11-1999-ൽ അവരുമായി BOT കരാർ ഒപ്പിട്ടു. എന്നാൽ ഇവർ നിർദ്ദിഷ്ട കാലയളവിനുള്ളിൽ സാദ്ധ്യതാ പഠന റിപ്പോർട്ടും മറ്റും സമർപ്പിച്ചില്ല.

(ii) പദ്ധതി ക്യാപ്പിറ്റൽ റീജിയണൽ ഡവലപ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന്, അവരുടെ ഔദ്യോഗിക ഉപദേഷ്ടാക്കളായ M/s IL & FS IDC-യെ ഈ പ്രോജക്ടിന്റെ ഉപദേഷ്ടാക്കളായി 2002 ഡിസംബറിൽ നിയമിക്കുകയും, അവരുടെ സഹായത്തോടുകൂടി താഴെ പറയുന്ന അന്താരാഷ്ട്ര സാങ്കേതിക കൺസൾട്ടന്റിനെ ഉൾപ്പെടുത്തി പ്രോജക്ടിന്റെ രൂപരേഖ തയ്യാറാക്കുകയും വിശദമായ സാദ്ധ്യതാ പഠനം നടത്തുകയുമുണ്ടായി.

(i) L & T Ramboll Consulting Engineers, Chennai.

(ii) Ramboll, Denmark.

(iii) Rogge Marine Consulting, Germany.

(iv) L & T Capital, Mumbai.

ഈ ബി.ഒ.ടി. പദ്ധതി സഹകാര്യ പങ്കാളിത്തത്തോടെ Public-Private Participation) മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

(iii) പദ്ധതി നിർവ്വഹണത്തിനായി തിരഞ്ഞെടുക്കുന്ന പങ്കാളിക്ക് വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം രൂപരേഖ തയ്യാറാക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും. എന്നാൽ അപ്രകാരം തയ്യാറാക്കുന്ന രൂപരേഖയ്ക്ക് സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

(സി) കരാർ പ്രകാരം പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുക തുടങ്ങി കരാർ വ്യവസ്ഥകൾ നിർദ്ദിഷ്ട കാലയളവിനുള്ളിൽ കുമാർ ഗ്രൂപ്പ് നടപ്പിലാക്കിയിരുന്നില്ല. തുടർന്നുള്ള അന്വേഷണത്തിൽ ടി കമ്പനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലൊരു പ്രോജക്ട് നടപ്പിലാക്കുവാനുള്ള സാമ്പത്തിക സ്ഥിതി ഇല്ല എന്നും മനസ്സിലായി. അതിനാൽ കുമാർ ഗ്രൂപ്പുമായുള്ള കരാർ 27-5-2002-ൽ റദ്ദാക്കി.

(ഡി) 'എ' ചോദ്യത്തിനുള്ള ഉത്തരം കാണുക.

(ഇ) നിയോഗിക്കുകയുണ്ടായി. ഉപദേഷ്ടാവായി IL & FS IDC എന്ന കമ്പനിയെ 2-12-2002-ലും സാങ്കേതിക കൺസൾട്ടന്റായ L & T Ramboll Consulting Engineers-ഉം കൂട്ടരെയും 17-3-2003-ലും നിയോഗിക്കുകയുണ്ടായി. കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിന് ആദ്യമായി പത്രപരസ്യം വഴി ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിക്കുകയും, അതനുസരിച്ച് 21 പേർ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കൺസൾട്ടന്റിന്റെ സാങ്കേതിക-സാമ്പത്തിക മികവിന്റെ അടിസ്ഥാനത്തിൽ ഏഴ് കമ്പനികളെ തെരഞ്ഞെടുത്ത്, ദർഘാസ് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. അവരിൽ L & T Ramboll Consulting Engineers, Chennai കൂടാതെ താഴെ പറയുന്ന 4 കമ്പനികളും ദർഘാസ് സമർപ്പിച്ചു.

(i) Cullen Grummit & Roe (Int) Pvt. Ltd., Australia.

(ii) B.M.T. Asia Pacific Pvt. Ltd., Singapore.

(iii) STUP Consultants (P) Ltd., Mumbai.

(iv) Tata Consultancy Services, Noida.

(എഫ്) ആദ്യം മുതൽ തന്നെ ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യാനാണ് തീരുമാനിച്ചത്. 1999-ൽ കുമാർ ഗ്രൂപ്പുമായി കരാർ ഒപ്പിട്ടതും ബി.ഒ.ടി. വ്യവസ്ഥയിൽ ആയിരുന്നു. വീണ്ടും പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചത് 2002-ൽ ആണ്. IL & FS IDC എന്ന ഈ പ്രോജക്ടിന്റെ കൺസൾട്ടൻസ് ആണ്. Request for Proposal (RFP) രേഖ നൽകിയത്. പ്രസ്തുത തീരുമാനങ്ങൾ 14-10-2005-ലെ G.O. (Ms.) 33/2005/F&PD എന്ന സർക്കാർ ഉത്തരവ് പ്രകാരം RFP രേഖകൾ അംഗീകരിച്ചിട്ടുണ്ട്.

(ജി) 19-12-2003-ൽ ആരംഭിച്ച ദർഘാസുകൾ ഏഴ് കമ്പനികൾ RFP രേഖകൾ വാങ്ങി. എന്നാൽ ആരും ദർഘാസുകൾ സമർപ്പിക്കുകയുണ്ടായില്ല. ജനുവരി 2005-ൽ ടെന്റർ നടപടികൾ പുനരാരംഭിക്കുകയും ചെയ്തു. അതിനാൽ വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തുകയും അതിനുശേഷം വീണ്ടും ആഗോള ടെണ്ടർ വിളിക്കുകയുമുണ്ടായി. അപ്പോൾ 22 കമ്പനികൾ ദർഘാസ് രേഖകൾ വാങ്ങുകയുണ്ടായി. ടെണ്ടറിന്റെ അവസാന ദിവസമായ 17-8-2005-ന് താഴെ പറയുന്ന രണ്ട് കമ്പനികൾ ടെണ്ടർ സമർപ്പിച്ചു.

(i) M/s. Gammon India Ltd., Mumbai.

(ii) Consortium of—
Zoom Developers (P) Ltd., Mumbai,
Kaidi Electric Power Company Ltd., China,
China Harbour Engineering Company (Group) 2nd Engineering Institute, China.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സർക്കാർ രൂപീകരിച്ച ചീഫ് സെക്രട്ടറി ചെയർമാനായ Bid Evaluation Committee, പദ്ധതിയുടെ ഉപദേഷ്ടാക്കളായ IL & FS IDC, സാങ്കേതിക ഉപദേഷ്ടാക്കളായ L & T Ramboll എന്നിവരുടെ സഹായത്തോടെ ടെന്റർ രേഖകൾ പരിശോധിക്കുകയുണ്ടായി. മെസ്സേഴ്സ് കെയ്ദി ഇലക്ട്രിക് പവ്വർ കമ്പനി നയിക്കുന്ന കൺസോർഷ്യത്തിന്റെ ബിഡ് ഉയർന്ന ഗ്രേഡ് ഉള്ളതായി ടി കമ്മറ്റി കണ്ടെത്തുകയും, ഇതനുസരിച്ച് സർക്കാരിന് ശുപാർശ നൽകുകയും ചെയ്തു. ഈ കൺസോർഷ്യത്തിന് RFP രേഖയിൽ നിഷ്കർഷിച്ചിട്ടുള്ള സാമ്പത്തികവും സാങ്കേതികവുമായ കഴിവ് ഉള്ളതായി Bid Evaluation Committee കണ്ടെത്തി.

സർക്കാർ റദ്ദ് ചെയ്ത കരാർ പ്രകാരം പദ്ധതിയുടെ മതിപ്പ് ചെലവ് 4500 കോടി രൂപയോളമായിരുന്നു. സാദ്ധ്യതാ പഠനങ്ങളൊന്നും നടത്താതെയുള്ള ഈ പദ്ധതി തുക ഒരു ഏകദേശ കണക്ക് മാത്രമാണ്. ഇപ്പോൾ തയ്യാറാക്കിയ പദ്ധതിക്ക് ആകെ 4360 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം തുറമുഖ നിർമ്മാണം

122 [579] ശ്രീ. ലൂഡി ലൂയിസ് :

,, ബി. വിജയകുമാർ :

,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ടെൻഡർ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി എന്നായിരുന്നു ;

(ബി) എത്ര ടെൻഡറുകൾ ഈ പദ്ധതിക്ക് ലഭിച്ചു ; അവ എന്നാണ് തുറന്നത് ;

(സി) ടെൻഡറുകൾ തുറക്കാനുള്ള കാലതാമസത്തിന് കാരണമെന്താണ് ;

(ഡി) ആർക്കാണ് വർക്ക് അവാർഡ് ചെയ്തത് ; ഈ വർക്ക് അവാർഡ് ചെയ്യുന്നതിനെതിരെ എന്തെങ്കിലും ആരോപണം ഉയർന്നിരുന്നുവോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ആഗസ്റ്റ് 17, 2005.

(ബി) രണ്ട് ടെൻഡർ പ്രൊപ്പോസലുകൾ ലഭിക്കുകയുണ്ടായി. 2005 ആഗസ്റ്റ് 17-ാം തീയതി ദർഘാസുകൾ തുറക്കുകയുണ്ടായി.

(സി) കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) ചൈനയിലെ കെയ്ദി ഇലക്ട്രിക് പവർ കമ്പനി നേതൃത്വം നൽകുന്ന കൺസോർഷ്യത്തിന് ലറ്റർ ഓഫ് ഇൻഡന്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനെതിരെ ആരോപണം ഉയർന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly